12. മദ്രസ്സാദ്ധ്യാപകർക്കും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹ ധനസഹായ പദ്ധതി

13. മദ്രസ്സാ ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് തുടങ്ങിയവ

(ബി) കോഴിക്കോട് ജില്ലയിൽ മുസ്ലിം യുവജനതയ്ക്കായുള്ള ഒരു പരിശീലന കേന്ദ്രവും ഒരു സബ്സെന്ററും പ്രവർത്തിച്ചുവരുന്നു.

(സി) ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

കുട്ടനാട് പാക്കേജ്

128 (1497) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പതിമൂന്നാം ധനകാര്യ കമ്മിഷൻ, കുട്ടനാട് പാക്കേജിനായി അനുവദിച്ച തുക എത്രയെന്നും ചെലവായത് എത്രയെന്നും അറിയിക്കുമോ ; ഇതിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതമെത്രയാണ് ;

(സി) കുട്ടനാട് പാക്കേജിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിനായി അനുവദിച്ചത് 300 കോടി രൂപയാണ്. ഇതിൽ നാളിതുവരെ 193.7073 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്.*

(ബി) 100 ശതമാനം കേന്ദ്ര വിഹിതമാണ്.

(സി) കുട്ടനാട് പാക്കേജിലെ പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി മൂന്ന് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, കാർഷികോൽപ്പാദന കമ്മീഷണർ എന്നിവർ തലവൻമാരായ ടി കമ്മിറ്റികൾ യോഗങ്ങൾ കൂടുകയും പദ്ധതി നടപ്പിലാക്കുന്ന വിവിധ വകുപ്പ് മേധാവികൾക്ക് പദ്ധതികളുടെ സയുക്തികമായ നിർവ്വഹണത്തിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്ക് പുറമേ ബഹുമാനപ്പെട്ട

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി മന്ത്രി, കൃഷി വകുപ്പ് സെക്രട്ടറി എന്നിവർ അദ്ധ്യക്ഷരായി അവലോകന യോഗങ്ങൾ കൂടുകയും പദ്ധതികൾ അവലോകനം നടത്തി നിർവ്വഹണം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ തൊഴിൽ

129 (1498) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 1994-ൽ ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ തൊഴിൽ എന്ന പദ്ധതിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട് ; രജിസ്ട്രേഷൻ ഫീസും പദ്ധതി വിഹിതവുമായി എത്ര തുക പിരിഞ്ഞുകിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) മരണമടഞ്ഞ അംഗങ്ങളുടെ ആശ്രിതർക്ക് സഹായം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനകം എത്ര പേരുടെ ആശ്രിതർക്ക് എത്ര വീതം സഹായം നൽകിയെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 97849 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസും പദ്ധതി വിഹിതവുമായി 10,41,98,508 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു :

1. ഏതെങ്കിലും ഗുണഭോക്താവ് സ്വമേധയാ എന്നെങ്കിലും വിട്ടുപോകുകയാണെങ്കിൽ പദ്ധതി വിഹിതമായി അടച്ച തുക 1000 രൂപ മടക്കി കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly